## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T 1243 20.03.2012 - ൽ മറുപടിയ്ക്ക്

### പുതുക്കാട് മണ്ഡലത്തിലെ ടോൾ

| ചോദ്യം<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
|---|---|
| (എ) പുതുക്കാട് മണ്ഡലത്തിലെ എൻ. എച്ച്. 47 -ലെ ടോൾ നിരക്കുകൾ വളരെ കൂടുതലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല |
| (ബി) ചെറുവാഹനങ്ങളായ കാറുകൾ പോലുള്ളവയ്ക്ക് 55 രൂപയാണ് ഈടാക്കുന്നത് എന്ന പരാതി ലഭ്യമായിട്ടുണ്ടോ ; | (ബി) ഉണ്ട് |
| (സി) കൂടുതലായി ചുമത്തിയിട്ടുള്ള ടോൾ അടിയന്തിരമായി കുറയ്ക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br>(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) (ഡി) തൃശൂർ - ഇടപ്പള്ളി ബി.ഒ.റ്റി. പദ്ധതി ആരംഭിച്ച ഘട്ടത്തിൽ തന്നെ സംസ്ഥാന സർക്കാർ നാഷണൽ ഹൈവേ അതോറിട്ടിയുമായും കൺസഷണർ കമ്പനിയുമായും 14.12.2007 -ൽ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിൽ ഏർപ്പെടുകയുണ്ടായി.<br>നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുമായും കമ്പനിയുമായുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് ടോൾ പ്ലാസയിൽ യൂസർ ഫീ നിശ്ചയിച്ചിരിക്കുന്നത്. |

പാർലമെന്റ് പാസാക്കിയ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്. ഇത് ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ സംസ്ഥാന ഗവൺമെന്റിന് സാധിക്കുകയില്ല. എങ്കിലും തദ്ദേശവാസികൾക്ക് പരമാവധി ഇളവുകളും സൗജന്യങ്ങളും നൽകിക്കൊണ്ട് സർക്കാർ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്

(1) സ.ഉ (എംഎസ്) നം.23/12/പൊ.മ.വ, തിയതി, 18.01.2012

(2) സ.ഉ(എംഎസ്) നം.28/12/പൊ.മ.വ, തിയതി, 03.03.2012

(പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.